# കേരള വനംവകുപ്പ്

## സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ആലപ്പുഴ

## ഇ-ദർഘാസ് പരസ്യം

KFDDO/50473/2024 – DFOSFAPLY/A3 തീയതി : 15.01.2025.

കേരള സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിലവിൽ യോഗ്യരായ 'എ', 'ബി', 'സി', ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ വിവരിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് ഇ-ടെണ്ടർ മുഖേന ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസുകാരൻ പൊതുമരാമത്ത് വകുപ്പിലെയും വനം വകുപ്പിലെയും നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതും ഫോറസ്ട്രി ജോലികളുമായി ബന്ധപ്പെട്ടതുമായ എല്ലാ നിബന്ധനകളും, വ്യവസ്ഥകളും സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റിന്റെയും ഇതരവ്യവസ്ഥകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഇ-ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ടെൻഡർ ഫോറത്തിന്റെ വിലയും EMD ഉം e-procurement system ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടെൻഡർ ഡോക്യുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എൻ.ഐ.സി.യിൽ നിന്നോ www.etenders.kerala.gov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders help desk-ൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും, മൊബൈൽ ഫോൺ നമ്പരും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർക്ക് വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ടെണ്ടർ വ്യവസ്ഥകളും , PWD ദർഘാസ് വ്യവസ്ഥകളും ഇ-ടെൻഡറിനും ബാധകമായിരിക്കും. പ്രത്യേക മുന്നറിയിപ്പ്/കാരണങ്ങൾ കൂടാതെ തന്നെ ബിഡ് ക്യാൻസൽ ചെയ്യുന്നതിനും പരിഷ്ക്കരിക്കുന്നതിനും പ്രത്യേക കാരണം കൂടാതെ തന്നെ അടങ്കലിലെ ഏതെങ്കിലും ഇനത്തിലോ അളവിലോ അടങ്കൽ തുകയിലോ മാറ്റം വരുത്തുന്നതിനോ വകുപ്പ് തലത്തിൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയി ആകുന്ന ദർഘാസുകാരൻ കേരള സ്റ്റാമ്പ്സ് ആക്ടിലെ നിരക്ക് പ്രകാരമുള്ള തുകയുടെ മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പ് തീയതി കൈപ്പറ്റി 3 ദിവസത്തിനുള്ളിൽ ദർഘാസ് തുകയുടെ 5 ശതമാനമോ 5,00,000/ (അഞ്ച് ലക്ഷം) രൂപയോ ഏതാണോ കുറവ് ആ തുകയ്ക്കുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റ് സഹിതം ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുമായി ഉടമ്പടി വെക്കേണ്ടതാണ്. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

| ടെൻഡർ നം. | പ്രവൃത്തി വിവരം | സ്ഥലം | അടങ്കൽ ദർഘാസ് (രൂപയിൽ) | ദർഘാസ് ഫോറത്തിന്റെ വില (രൂപയിൽ) | നിരതദ്രവ്യം (രൂപയിൽ) |
|---|---|---|---|---|---|
| 03/2024-25 | 2024 – 25 പുറക്കാട് ഗാന്ധിവനം ജില്ലാ നഴ്സറിയിൽ മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നത് | ആലപ്പുഴ – പുറക്കാട് ഗാന്ധി വനം ജില്ലാ നഴ്സറി പ്രദേശം | Rs. 525000/- | Rs. 1050 (+190+GST@18%) | Rs.13125/- |

മേൽ പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവ് ഏകദേശം ആകയാൽ ആയതിൽ മാറ്റം വരുന്നതാണ്. കൂടാതെ ഈ ദർഘാസിലെ പ്രവൃത്തികൾ മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്

| | | |
|---|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വില്പന | | **www.etenders.kerala.gov.in** എന്ന വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി | ; | 15.01.2025 വൈകുന്നേരം 5 മണി മുതൽ 25.01.2025 വൈകുന്നേരം 5 മണി വരെ |
| ടെണ്ടർ വെബ്സൈറ്റിൽ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | ; | 25.01.2025 വൈകുന്നേരം 5 മണി വരെ |
| ടെണ്ടർ വെബ്സൈറ്റിൽ തുറക്കുന്ന തീയതിയും സമയവും | ; | 29.01.2025 ഉച്ചയ്ക്ക് 2 മണി |
| കരാറുകാരന്റെ ക്ലാസ്സ് | ; | 'സി' ക്ലാസ്സും അതിന് മുകളിലും |

23.01.2025 തീയതി ഏതെങ്കിലും കാരണവശാൽ പൊതു ഒഴിവായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ ടെണ്ടർ സമയത്തും സ്ഥലത്തും വച്ച് തുറക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നോ, (ഫോൺ: 0477 2246034) ആലപ്പുഴ (8547603709) സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

## നിബന്ധനകൾ

1. വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972 ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.
2. ആലപ്പുഴ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതായിരിക്കും.
3. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ

എസ്.ബി.ഐ.യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ എൻ.ഇ.എഫ്.ടി. വഴിയോ ഇ-ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോമിന്റെ വില യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

4. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ആലപ്പുഴ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

5. ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല. കൂടാതെ ആയത് സംബന്ധിച്ച മറ്റ് പരാതികളും വാദങ്ങളും പരിഗണിക്കുന്നതല്ല.

6. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ (BOQ) പറയുന്ന മതിപ്പ് കരാർ തുകയിൽ ദർഘാസുകാരൻ ക്വാട്ട് ചെയ്യുന്ന തുക (ഇത്ര ശതമാനം ) എന്ന് ദർഘാസ് ഷെഡ്യൂളിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും, അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്ക് പ്രാബല്യത്തിലുള്ളതായി പരിഗണിക്കുന്നതായിരിക്കും. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും വളരെ കുറവാണെന്ന് വനം വകുപ്പ് കാണുന്ന പക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ 10% പരമാവധി 30,000/- രൂപ പ്രത്യേക/ അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്ന പക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

7. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഒന്നാം ഭാഗം ആലപ്പുഴ സാമൂഹ്യ വനവൽക്കരണം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

8. ദർഘാസിന്റെ ഒന്നാം ഭാഗം അംഗീകരിച്ചിട്ടുള്ള കോൺട്രാക്ടർമാരുടെ മാത്രം രണ്ടാം ഭാഗം (financial bid) തുറക്കുന്ന സമയം പിന്നീട് പ്രഖ്യാപിക്കുന്നതാണ്. ടെണ്ടറിന്റെ ഒന്നാം ഭാഗം തുറന്നാലുടൻതന്നെ രണ്ടാം ഭാഗം തുറക്കുന്ന സമയം അറിയിക്കുന്നതാണ്.

9. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

10. ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല.

11. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ അറിയിപ്പ് കൈപ്പറ്റി 14 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള മുദ്രപത്രത്തിൽ (സ്റ്റാമ്പ് ആക്ട് പ്രകാരം ) ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത്

പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

12. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% പരമാവധി 5,00,000/- (അഞ്ചു ലക്ഷം രൂപാ മാത്രം) രൂപ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. കരാർ പ്രകാരമുള്ള ജോലികൾ നിശ്ചിത ദിവസത്തിനകം തൃപ്തികരമായി പൂർത്തിയാക്കി കഴിഞ്ഞാൽ സെക്യൂരിറ്റി വിടുതൽ ചെയ്യുന്നതിന് ആവശ്യമായ ടാക്സ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ. GST നിരക്കുകൾ ബാധകമാകുന്ന പക്ഷം GST നിരക്കുകൾ TDS ആയി ഈടാക്കുന്നതാണ്.

13. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

14. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

15. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

16. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്. ജോലികൾ സംബന്ധിച്ച് ബന്ധപ്പെട്ട വനം വകുപ്പ് ജീവനക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകളിൽ മാറ്റം വരുത്തുന്നതിന് ഈ ഓഫീസിന് അധികാരമുണ്ടായിരിക്കുന്നതാണ്. ആയത് പൂർണ്ണമായി പാലിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്.

17. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ തവണകളായി എഗ്രിമെന്റിൽ പരാമർശിക്കുന്ന പ്രകാരം ബിൽതുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ഇ-പെയ്മെന്റ് ആയി മാത്രമായിരിക്കും.

18. കരാർ പ്രകാരമുള്ള ജോലികൾ നിശ്ചിത ദിവസത്തിനകം തൃപ്തികരമായി പൂർത്തിയാക്കി കഴിഞ്ഞാൽ സെക്യൂരിറ്റി വിടുതൽ ചെയ്യുന്നതിന് ആവശ്യമായ ടാക്സ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കി സെക്യൂരിറ്റി മടക്കി വാങ്ങേണ്ടതാണ്.

19. സ്റ്റോർ പർച്ചേസ് സംബന്ധിച്ച് കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുവാൻ ദർഘാസുകാരൻ ബാധ്യസ്ഥനാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങൾ പാലിക്കുന്നതിനും കരാറുകാരൻ ബാധ്യസ്ഥനാണ്.

20. ടെണ്ടറിൽ പ്രതിപാദിക്കുന്ന ജോലിയുടെ അളവും നിരക്കും ഏകദേശമാണ്. സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ ജോലിയുടെ അളവിലും നിരക്കിലും വ്യത്യാസം വരുത്തിയാൽ ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാധ്യസ്ഥനാണ്.

21. യാതൊരു കാരണവും പറയാതെ ദർഘാസിലെ വിവരങ്ങൾ ഭേദഗതി ചെയ്യുന്നതിനോ എല്ലാ ദർഘാസുകളുമോ ഏതെങ്കിലും പ്രത്യേക പ്രവൃത്തിയോ റദ്ദു ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ദർഘാസ് അംഗീകരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ദർഘാസുകാരന് ഏതെങ്കിലും ഡേറ്റ ലഭിക്കാതിരിക്കുകയോ ഡൗൺലോഡ് ചെയ്യുമ്പോൾ ഏതെങ്കിലും രേഖ നഷ്ടപ്പെടുകയോ ചെയ്യുന്നതുവഴിയുണ്ടാകുന്ന പിശകുകൾക്ക് കേരളാ വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

22. ദർഘാസിൽ വിവരിച്ചിട്ടുള്ള പ്രവൃത്തികൾ അതാത് സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ നിർദ്ദേശാനുസരണം ആരംഭിക്കേണ്ടതാണ്.

23. ഇ - ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ സ്പഷ്ടീകരണം NIC ൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിലെ e-tender help desk നമ്പരിൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് പ്രവർത്തന സമയത്ത് ലഭ്യമാകുന്നതാണ്. ദർഘാസുകാരൻ ഇ- പേയ്മെന്റ് വിശദാംശങ്ങൾ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

24 യാതൊരു കാരണവും കൂടാതെ ടെൻഡർ റദ്ദാക്കുന്നതിനുള്ള പൂർണ്ണമായ അധികാരം അസി: ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ) - ൽ നിക്ഷിപ്തമാണ്. ആയത് അംഗീകരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. മുൻകൂർ അറിയിപ്പ് കൂടാതെ ടെൻഡർ റദ്ദ് ആക്കുന്നതു കൊണ്ട് കരാറുകാരന് അസൗകര്യമോ നഷ്ടമോ ഉണ്ടായാൽ വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ,
ആലപ്പുഴ
(കേരള ഗവർണ്ണർക്കുവേണ്ടി)

**KERALA FOREST DEPARTMENT**

**SOCIAL FORESTRY DIVISION, ALAPPUZHA**

**E- TENDER NOTIFICATION**

KFDDO/50473/2024 – DFOSFAPLY/A3 DATED : 15.01.2025

Separate online tenders are invited from the eligible A,B,C & D class contractors for execution of works detailed attached below. The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Govt. from time to time. Tender documents including schedules can be downloaded from the Web site www.etenders.kerala.gov.in. The prescribed EMD and fee for tender form shall be remitted using online payment option of e procurement system only through online banking of State Bank of India or through NEFT for other banks.

All bids/tender documents are to be submitted online only through www.etenders.kerala.gov.in. Tenders submitted manually will be summarily rejected.

| Tender No. | Name of Range | Name of work | Name of Area | Probable Amount of Contract | Cost of Tender Form | EMD |
|---|---|---|---|---|---|---|
| 03/24-25 | Social Forestry Range, Alappuzha | Establishing Micro irrigation system to Gandivanam District Forest Nursery Site Purakkad | Alappuzha Purakkad District Nursery Premises | Rs. 525000/- | Rs. 1050 (+190+GST@18%) | Rs. 13125/- |

| | |
|---|---|
| Sale of tender documents | www.etenders.kerala.gov.in. |
| Classification of bidders | C & above |
| Date from which tender forms will be available in online site | From 15 .01.2025 at 5.00 pm to 25 .01.2025 at 5.00 pm |
| Date and time up to which tenders to be submitted in online- | 25 .01.2025 up to 5 .00 pm |
| Date and Time of opening of tenders:- | 29 .01.2025 at 2.00 pm |

Bidders are requested to submit scanned copy of Registration certificate duly attested ,EMD exemption certificate ,if any, preliminary agreement executed in stamp paper worth Rs 200/-,Notice inviting tender, duly filled up proforma for availing e payment and BOQ by online .Bidders opting for NEFT facility of online payment are advised to exercise this option at least 48 hours before the closing date of bid to ensure that payments towards tender document fees and EMD are credited and a confirmation is reflected in the E procurement system. The online NEFT remittance form provided by e procurement system for making a NEFT transaction is not a payment confirmation. Kerala Forest Department / NIC /SBT shall not be responsible for any kind of delay in payment status confirmation.

Any further clarifications of E- tender can be obtained from NIC/the e tender helpdesk number available in the www.etenders.kerala.gov.in. website and from this office (0477-2246034) during the office hours. The details regarding e payment (bidders bank account number where he/she is having core banking facility, Email Id and mobile number) should be submitted along with the tender. Tenders without these details will not be accepted.

The bidding authority deserves all the right to modify / cancel any /all bids without assigning any reason. The bidding authority deserves all the right to modify the quantity and item of any works without assigning any reason. The forest department will not be responsible for any error like missing of scheduled data while downloading by the bidder and no receipt of documents and any in convenience or loss to the bidder while downloading /uploading the bid

The tender/bids shall be opened online at the *O/o Assistant Conservator of Forests, Social Forestry Division, Kommady, Alappuzha* in the presence of bidders / their representatives who wish to attend. If the tender opening date happens to be on a holiday /nonworking day due to any other valid reason , the tender opening process will be done on the next working day at same time and place

All other existing conditions related to E tendering of Kerala Forest Department, PWD & Store purchase Department will be applicable in this tender also. The conditions stipulated in GO (MS) No 26/2017/F&WLD dated 20.05.2017 will also be applicable in this tender.

**SPECIAL TENDER CONDITIONS**

1) The cost of tender forms once paid is neither refundable on any account, nor will the amount be adjusted towards cost of any other tender forms.
2) The tender form shall be used only by the person in whose name it is issued and for the work specified in the schedule attached to the tender form.
3) Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Divisional Forest Office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. No plea of ignorance of the agreement conditions received after putting in the tender will be entertained.
4) Before submitting the tender, the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.
5) The tenderer shall quote in the appropriate column in the online tender schedule (BOQ) in figures as well as in words also. Lower of the same only be considered valid and shall be binding on him/ her. If the Kerala Forest Department feels that the total amount quoted is unworkable due to variance to the lower side to an abnormal level with Kerala Forest Department basic rate,

the tenderer may be required to furnish satisfactory explanation on the above respect. In such an event, the Kerala Forest Department has the option to collect a special/ extra security deposit to the tune of 10% of the quoted amount subject to a maximum of Rs.30000/-(Rupees thirty thousand only) from the tenderer before issuance of confirmation orders. If the explanation furnished is not found satisfactory or no explanation is furnished, the Assistant Conservator of Forest, Social Forestry, Alappuzha has the right to deny the offer of work to the tenderer even though he/ she is the lowest tenderer.

6) Tenders received after the specified date and time or received without the requisite enclosures or tenders not written up proper order or form will not be honored.
7) The lowest tender ordinarily be accepted, but the authority competent to accept the tender reserves to himself the power of accepting or rejecting any tender without assigning any reason thereof.

8) The tenderer whose tender is accepted will be informed regarding acceptance of his tender by a confirmation order issued by the registered letter bearing the address mentioned in the tender. The successful tenderer, within fourteen days of receipt of confirmation of his tender, shall have to execute an agreement in the prescribe form on a proper non judicial stamp paper (as per Kerala Stamp act) If the contractor fails to execute the agreement the tender will be cancelled and the Earnest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be retendered at the risk and cost of the tenderer or through any other manner (including through the next higher tenderer). The loss, if any, to the Govt. consequent to the default, if not paid by the defaulter within a reasonable time specified by the Assistant Conservator of Forests, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue Recovery Act 1968 and in such other manner as the Govt. may deem fit. The defaulter however will not be entitled for gain, if any.
9) The successful tenderer while signing the agreement shall furnish a security deposit for an amount equal to 5 per cent of the total probable amount of contract, limited to a maximum of Rs.500000/-(Rupees five lakhs only). The security deposit will be released only after the successful competition of the contract work and after producing the Non liability certificate from the concerned officers.
10) The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.
11) The post offers and representations sent, after receipt of tender in respect of the work shall at no account be considered.
12) The EMD of the unsuccessful tenderers will be returned as soon as possible after the tenders are finalized.
13) The quantities of work shown in the schedule are approximate and it may vary on actual execution of work. The undersigned reserves all the rights to change the quantity of the work.
14) The quantity shown in the tender schedule are approximate. The actual extend of the contract area may vary as per the final survey report, which will be binding on the successful tenderer.
15) Part payment in two or more installment on specific request and on submission of bills in the of prescribed format at the stage prescribed in the agreement conditions attached with tender schedule.

16) Payment towards the work will be made through account transfer only. The Contractor is binding to the labour rules.
17) The works mentioned in the schedule should be started as per the direction of the Range Forest Officer concerned .
18) Further details can be had from the office of the Assistant Conservator of Forests Social Forestry Division Alappuzha ( 0477 2246034 ) , Social Forestry Range Office Alappuzha ( 8547603709)

Assistant Conservator of Forests
Social Forestry Division, Alappuzha
(For Governor of Kerala)